# ലത്തീൻസഭയും ഗ്രീക്കുസഭയും

മനുഷ്യരുടെ ശ്വാസകോശത്തിന്റെ രണ്ടു ഭാഗങ്ങൾ പോലെ, സഭാഗാത്രത്തിലെ രണ്ടു വലിയ വിഭാഗങ്ങളാണ് ലത്തീൻസഭയും ഗ്രീക്കുസഭയും (റോമൻ കത്തോലിക്കാസഭയും ബിസന്റൈൻ ഓർത്തഡോക്സ് സഭയും). ഈ സഭകൽ തമ്മിലകന്നത് 1054-ലാണെന്ന് സാധാരണ പറയാറുണ്ട്. എന്നാൽ 1054-നു ശേഷവും ഓരേ സഭയുടെ രണ്ടു ഭാഗങ്ങളായി ഇണങ്ങിയും പിണങ്ങിയും ഇവ മുന്നോട്ടുപോയി. നാലാം കുരിശുയുദ്ധമാണ് (1204) യഥാർഥത്തിൽ ഈ സഭകളെ തമ്മിൽ അകറ്റിയത്. എങ്കിലും അപ്പോഴും പൂർണമായി കൂട്ടായ്മ വിച്ഛേദിക്കപ്പെട്ടിരുന്നില്ല. കാനോനിക കൂട്ടായ്മ നാമമാത്രമായി എന്നുമാത്രം. തുടർന്നുള്ള നൂറ്റാണ്ടുകളിൽ ഐക്യപരിശ്രമങ്ങൾ ഇരുഭാഗത്തുനിന്നും ഉണ്ടായെങ്കിലും,, കാനാനികവും ദൃശ്യവുമായ ഐക്യം പൂർണമായി പുനഃസ്ഥാപിക്കാൻ സാധിച്ചില്ല.

രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടി ഐക്യശ്രമങ്ങൾ ഇരുഭാഗത്തുനിന്നുമുണ്ടായി. 1964-ൽ ജറുസലേമിൽ വച്ച് പൗലോസ് ആറാമൻ മാർപാപ്പായും കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമേനിക്കൽ പാത്രിയർക്കീസ് അത്തനാഗോറസും ആദ്യമായി കൂടിക്കാഴ്ച നടത്തി. 1965 ഡിസംബർ 7-ന് 1054-ലെ പരസ്പരമുടക്ക് ഇരുസഭകളും പിൻവലിച്ചു. തുടർന്ന് ഇരുസഭകളും കൂടി ഒരു സംയുക്ത ദൈവശാസ്ത്രക്കമ്മീഷൻ രൂപീകരിച്ച് ചർച്ചകൾ നടത്തിവരുന്നു. ഇതിനോടകം പല സംയുക്തപ്രസ്താവനകളും രൂപീകരിച്ചുകഴിഞ്ഞു. റോമിലും കോൺസ്റ്റാന്റിനോപ്പിളിലും (ഇസ്തംബൂളിലും) നടക്കുന്ന സുപ്രധാന സഭാപരിപാടികളിൽ മറ്റേ സഭയുടെ പ്രതിനിധികൾ പങ്കെടുക്കുന്നു. റോമിൽ വി. പത്രോസിന്റെയും വി. പൗലോസിന്റെയും പെരുന്നാൾ ദിവസം എക്യൂമെനിക്കൽ പാത്രിയർക്കീസിന്റെ പ്രതിനിധികൾ പങ്കെടുക്കുന്നു. ഇസ്തംബൂളിലെ ഫാനറിൽ വി. അന്ത്രയോസിന്റെ പെരുന്നാൾ ദിവസം റോമൻ ഡലഗേഷനും പങ്കെടുക്കുന്നു. റോമിൽ മാർപാപ്പാമാരുടെ സ്ഥാനാരോഹണം, മരണം, സിനഡൽ സമ്മേളനങ്ങൾ. മറ്റ് സുപ്രധാന പരിപാടികൾ എന്നിവയിൽ സംബന്ധിക്കാൻ ഇപ്പോഴത്തെ പാത്രിയർക്കീസ് ബർത്തലോമ്യോ നേരിട്ട് തന്നെ പങ്കെടുക്കാറുണ്ട്. ഈ അടുത്തയിട ജറുസലേമിൽ വച്ച് ഫ്രാൻസിസ് മാർപാപ്പായും ബർത്തലോമ്യോ പാത്രിയർക്കീസും കൂടിക്കാഴ്ച നടത്തുകയും, തുടർന്ന് വത്തിക്കാനിൽ വച്ച് ഇസ്രായേൽ - പലസ്തീൻ പ്രസിഡന്റുമാരുടെ കൂടിക്കാഴ്ചയിൽ സംബന്ധിക്കുകയും ചെയ്തു.

അടിസ്ഥാനസംഗതികളിൽ ഇരുസഭകളും സത്യവിശ്വാസം പുലർത്തുന്നു. നീണ്ട വേർപെട്ട കാലയളവിൽ ഇരുസഭകളും ഏകപക്ഷീയമായ സഭാശാസ്ത്രം വികസിപ്പിച്ചു. റോമിൽ വളരെ കേന്ദ്രീകൃതമായ സഭാഭരണസമ്പ്രദായം ഉരുത്തിരിഞ്ഞു. കോൺസ്റ്റാന്റിനോപ്പിളിൽ അത്തരമൊരു സംവിധാനത്തിന് അറബി-തുർക്കി ഭരണത്തിൻ കീഴിൽ സാധ്യതയില്ലാതായി. ഒരുതരം സംഘാതാത്മക നേതൃത്വമാണ് അവിടെ ഉരുത്തിരിഞ്ഞത്. ബിസന്റെൻ ചക്രവർത്തിമാരുടെ കാലത്ത് ഇമ്പീരിയൽ ഭരണസംവിധാനം അവിടെ നിലനിന്നു. പാത്രിയർക്കീസുമാർ പ്രബലരായിരുന്നു. എന്നാൽ കാലക്രമത്തിൽ ആ സ്ഥിതി മാറി. സമന്മാരിൽ മുമ്പൻ എന്ന നിലയിലേക്ക് വന്നു. റോമിലെ മെത്രാനെ ആരാധനക്രമത്തിൽ അനുസമരിക്കുന്ന രീതി കോൺസ്റ്റാന്റിനോപ്പിളിൽ ഉണ്ടായിരുന്നത് അകൽച്ചയോടുകൂടി നിന്നുപോയി.

രണ്ടാംവത്തിക്കാൻ കൗൺസിൽ മുതലുള്ള ചുരുങ്ങിയ കാലം കൊണ്ട്, നൂറ്റാണ്ടുകൾ കൊണ്ടുണ്ടായ അകൽച്ച കുറയ്ക്കാൻ കഴിഞ്ഞു എന്നത് ദൈവകൃപയാണ്. ഇപ്പോൾ ഐക്യപാതയിലാണ് ഇരുസഭകളും. ഇരുസഭകളിലെയും അധ്യക്ഷന്മാർ ദൃശ്യമായ ഐക്യത്തിന് പ്രതിജ്ഞാബദ്ധരുമാണ്.

ഈ സഭകൾ തമ്മിലകന്നതിന് രാഷ്ട്രീയവും മതപരവുമായ കാരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. രാഷ്ട്രീയ കാരണങ്ങൾ പശ്ചാത്തലം ഒരുക്കി എന്നുമാത്രം. യഥാർഥത്തിൽ കാതലായ ദൈവശാസ്ത്ര കാരണങ്ങളാലല്ല അകന്നുമാറിയത്. അകൽച്ച സാവധാനപ്രക്രിയ ആയിരുന്നു. നൂറ്റാണ്ടുകൾ കൊണ്ട് സംഭവിച്ചതാണത്.

**രാഷ്ട്രീയകാരണങ്ങൾ**

റോമൻസാമ്രാജ്യം കിഴക്കും പടിഞ്ഞാറുമായി തിരിക്കപ്പെട്ടിരുന്നു. പടിഞ്ഞാറ് റോമും കിഴക്ക് കോൺസ്റ്റാന്റിനോപ്പിളും (ഇന്ന് തുർക്കിയിലെ ഇസ്തംബൂളും) ആയിരുന്നു തലസ്ഥാനം. ബാർബേറിയൻ ആക്രമണത്തിൽ 476-ൽ പാശ്ചാത്യറോമാസാമ്രാജ്യം തകർന്നു. അവിടെ പിന്നെ നേതൃത്വം നൽകാൻ റോമിലെ മെത്രാൻ മാത്രമേ ഉണ്ടായിരുന്നുള്ളു. കോൺസ്റ്റാന്റിനോപ്പിൾ 1453 വരെ നിലനിന്നു. റോം തകർന്നശേഷം വടക്കൻ യൂറോപ്പിൽ ഉയർന്നുവന്ന "അപരിഷ്കൃത" രാജാക്കന്മാരുമായി നിലനിൽപ്പിനുവേണ്ടി റോം ഒത്തുതീർപ്പുകൾ നടത്തുകയും സഖ്യത്തിൽ ഏർപ്പെടുകയും ചെയ്തത് പൗരസ്ത്യർ സംശയത്തോടെ വീക്ഷിച്ചു. കാലക്രമത്തിൽ റോമാമെത്രാൻ, "അപരിഷ്കൃതരുടെ" സഹായത്തോടെ പേപ്പൽ സംസ്ഥാനങ്ങൾ രൂപീകരിക്കുകയും വിസ്തൃതമാക്കുകയും ചെയ്തുകൊണ്ടിരുന്നത് ബിസന്റെൻ താൽപ്പര്യങ്ങൾക്ക് കോട്ടം തട്ടുന്നതായി പൗരസ്ത്യ റോമാസാമ്രാജ്യത്തിലെ ചക്രവർത്തിമാർ കരുതി. പാശ്ചാ

ത്യറോമാസാമ്രാജ്യം തകർന്നെങ്കിലും, പാപ്പായും ജനങ്ങളും അവിടെയുള്ള വസ്തുവകകളും തങ്ങളുടെ സാമ്രാജ്യത്തിലെ പ്രജകളും സമ്പാദ്യങ്ങളുമായി ചക്രവർത്തിമാരും അവരുടെ കൂടെയുള്ളവരും കരുതി. തെക്കേ ഇറ്റലിയിൽ വടക്കുനിന്നുള്ള നോർമൻകാർ ആക്രമണം നടത്തി, ബിസന്റൈൻ വസ്തുവകകൾ കൈയടക്കിയതും അകൽച്ചയ്ക്ക് ആക്കം കൂട്ടി. നോർമൻകാരുമായി പാപ്പാമാർ നടത്തിയ ബന്ധങ്ങളും പൗരസ്ത്യ-പാശ്ചാത്യ ബന്ധത്തെ ഉലച്ചു.

കിഴക്കും പടിഞ്ഞാറുമുള്ള സാമ്രാജ്യങ്ങളുടെ (റോമൻ -ബിസന്റൈൻ സാമ്രാജ്യങ്ങളുടെ) അതിർത്തി പ്രദേശങ്ങളിലെ സുവിശേഷപ്രവർത്തനങ്ങളുടെ മേൽനോട്ടത്തെ ചൊല്ലി റോമാമെത്രാനും കോൺസ്റ്റാന്റിനോപ്പിൾ രാജകീയ സർക്കിളും തമ്മിൽ ഇടയ്ക്കിടെ അഭിപ്രായവ്യത്യാസവും ഉരസലും ഉണ്ടായിരുന്നു. ഇന്നത്തെ ഗ്രീസ്, പഴയ യുഗോസ്ലാവിയ, അൽബാനിയ എന്നിവയായിരുന്നു തർക്കപ്രദേശങ്ങൾ. ഇവയിൽ ചില പ്രദേശങ്ങൾ പൗരസ്ത്യ റോമാസാമ്രാജ്യത്തിലായിരുന്നെങ്കിലും, സഭാപരമായി അവിടെ മേൽനോട്ടം വഹിച്ചിരുന്നത് റോമിലെ പാപ്പാമാരായിരുന്നു. ചക്രവർത്തിമാർ പ്രബലരായിരുന്ന കാലത്ത് റോമിന്റെ അവകാശവാദം അംഗീകരിക്കപ്പെട്ടില്ല. ജസ്റ്റീനിയൻ ചക്രവർത്തി റോമിനോട് ആലോചിക്കാതെ, ഈ പ്രദേശങ്ങളിൽ സഭാപരമായ അധികാരം ഉറപ്പിക്കാൻ ശ്രമിച്ചു. അതുപോലെ ബൾഗേറിയായിൽ ആരു സുവിശേഷപ്രഘോഷണം നടത്തണം എന്നതിനെ ചൊല്ലിയും തർക്കം നടന്നു. ബൾഗേറിയാക്കാർ തന്നെയും മാറിമാറി കക്ഷി ചേർന്നിരുന്നു.

**മതപരമായ കാരണങ്ങൾ**

അകൽച്ചയ്ക്കുള്ള മതപരമായ കാരണങ്ങളൊന്നും ക്രിസ്തുമതത്തിന്റെ സാരസത്തയെ ബാധിക്കുന്നവ അല്ലായിരുന്നു. അകന്നു കഴിഞ്ഞപ്പോൾ ഇരുവിഭാഗങ്ങളിലെയും തീവ്രവാദചിന്തഗതിക്കാർ മറുവിഭാഗത്തിൽ തെറ്റുകുറ്റങ്ങൾ ആരോപിക്കാൻ തുടങ്ങുകയും അകന്നുപോകുന്നതിന് ആക്കം കൂട്ടുകയും ചെയ്തു.

**1) അകാചിയൻ ശീശ്മ (484-518):** സേനോ ചക്രവർത്തി കാൽസിഡൺ സിനഡിനെ (451) പരോക്ഷമായി തള്ളിപ്പറയുന്ന *ഹെനോട്ടിക്കോൻ* എന്ന രേഖ അകാചിയുസ് പാത്രിയർക്കീസിന്റെ സഹായത്തോടെ പ്രസിദ്ധീകരിച്ചു. ഇക്കാരണത്താൽ റോം, കോൺസ്റ്റാന്റിനോപ്പിളുമായുള്ള സംസർഗം വിച്ഛേദിക്കുകയും അകാചിയുസിനെ മുടക്കുകയും ചെയ്തു.പിന്നീടു വന്ന പാത്രിയർക്കീസന്മാർ *ഹെനോട്ടിക്കോൻ* തള്ളിക്കളഞ്ഞ ശേഷമാണ് റോം പൗരസ്ത്യരുമായുള്ള കൂട്ടായ്മ പുനഃസ്ഥാപിച്ചത്.

**2) എക്യുമേനിക്കൽ പാത്രിയർക്കീസ് സംജ്ഞ:** കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസന്മാർ 519-നുശേഷം മേൽപ്പറഞ്ഞ സംജ്ഞ ഉപയോഗിക്കാൻ തുടങ്ങിയപ്പോൾ, പാശ്ചാത്യർ നീരസം പ്രകടിപ്പിച്ചു. ബിസന്റൈൻ സാമ്രാജ്യത്തിലെ ഉന്നതനായ സഭാധികാരി എന്ന അർഥത്തിലാണ് അവർ അതുപയോഗിച്ചത്. അവരെ സംബന്ധിച്ച് *എക്യുമെനേ* എന്നത് പൗരസ്ത്യ റോമാസാമ്രാജ്യമായിരുന്നു. അവിടുത്തെ ഏറ്റവും ഉന്നതനായ സഭാധികാരി എന്ന അർഥമാണ് അവരതിന് കൊടുത്തത്. ഇത് പാശ്ചാത്യസർക്കിളിൽ തെറ്റിദ്ധാരണ ഉണ്ടാക്കി. ഈ പശ്ചാത്തലത്തിലാണ് റോൻ മെത്രാന്മാർ *ദൈവദാസന്മാരുടെ ദാസൻ* എന്ന സംജ്ഞ ഉപയോഗിക്കാൻ തുടങ്ങിയത്.

**3) മൂന്നധ്യായങ്ങളുടെ മേലുള്ള ശാപം (553):** സഭാസംസർഗത്തിൽ മരിച്ച പിതാക്കന്മാരെ അധികാരത്തിന്റെ ഉരുക്കുമുഷ്ടി ഉപയോഗിച്ച് ജസ്റ്റീനിയൻ ചക്രവർത്തി ശപിച്ചു. ഇതിന് സമ്മതം നൽകാൻ മടിച്ച റോമാ മാർപാപ്പായോട് ജസ്റ്റീനിയൻ ക്രൂരമായി പെരുമാറിയത് പാശ്ചാത്യരിൽ ഞെട്ടലുണ്ടാക്കി. സാമ്രാജ്യത്തിലെ ഏകസ്വഭാവവാദികളെ ഐക്യപ്പെടുത്താമെന്ന പ്രതീക്ഷയിലാണ്, നെസ്തോറിയനിസം ആരോപിച്ച് മൺമറഞ്ഞുപോയ മൂന്നു പിതാക്കന്മാരെ ശപിച്ചത്. മൊപ്സുവെസ്ത്യായിലെ തിയഡോർ, സൈറസിലെ തിയഡൊറെറ്റ്, എഡേസായിലെ ഈബാസ് എന്നിവരെ പറ്റിയുള്ള രേഖയാണ് മൂന്നധ്യായങ്ങൾ എന്നറിയപ്പെട്ടിരുന്നത്.

**4) ഏകചിത്തവാദം (മോണോതെലിറ്റിസം):** ക്രിസ്തുവിൽ ഏകചിത്തമേയുള്ളു എന്ന പാഷണ്ഡത ഏഴാം നൂറ്റാണ്ടിൽ പൗരസ്ത്യദേശങ്ങളിൽ വ്യാപിച്ചപ്പോൾ, റോം അതിനെ എതിർത്തു. ക്രിസ്തു ദൈവവും മനുഷ്യനുമാകയാൽ, ദൈവികേച്ഛയും മാനുഷികേച്ഛയും ഉണ്ടെന്ന് റോം വാദിച്ചു. ഇതിന്റെ പേരിൽ ചക്രവർത്തിമാർ കഠിനമായ മതമർദനം നടത്തി. അവസാനം റോമൻ ചിന്താരീതി പരക്കെ സ്വീകാര്യമായി.

മുകളിൽ പറഞ്ഞ അപൂർവസന്ദർഭങ്ങളൊഴിച്ച് പാശ്ചാത്യ-പൗരസ്ത്യ ബന്ധം വളരെക്കാലത്തേക്ക് പൊതുവേ തൃപ്തികരമായിരുന്നു. ജസ്റ്റിൻ ഒന്നാമനെ 523-ൽ കോൺസ്റ്റാന്റിനോപ്പിളിൽ ചക്രവർത്തിയായി കിരീടം ധരിപ്പിച്ചത് ജോൺ ഒന്നാമൻ പാപ്പായാണ്. പാത്രിയർക്കീസ് അന്തീമൂസ് (535-6) ഏകസ്വഭാവവാദത്തെ പിൻതാങ്ങിയതിന്റെ പേരിൽ അഗാപീറ്റസ് പാപ്പാ 536-ൽ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി. കോൺസ്റ്റന്റൈൻ ഒന്നാമൻ പാപ്പായെ 710-ൽ ചക്രവർത്തിയും പാത്രിയർക്കീസും വളരെ ആഡംബരപൂർവം സ്വീകരിക്കുകയും അദ്ദേഹം ഹാഗിയാ സോഫിയായിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. കൂടാതെ 606-നും 752-നും ഇടയ്ക്ക് പതിനൊന്ന് (11) പാപ്പാമാർ ഗ്രീക്കുകാരോ, സുറിയാനിക്കാരോ ആയിരുന്നു. പൗരസ്ത്യം അറബി ഭരണത്തിൻ കീഴിൽ അമർന്നപ്പോഴും പൗരസ്ത്യ പാശ്ചാത്യ ബന്ധം അറ്റുപോയില്ല. അന്ത്യോക്യയിലെ ഏകചിത്തചിന്താഗതിക്കാർക്കെതിരായി വി. മാർട്ടിൻ പാപ്പാ (649-55) അന്ത്യോക്യയിൽ തന്റെ ഡലിഗേറ്റായി ഭരിക്കാൻ ആ പാത്രിയാർക്കേറ്റിലെ ഒരു മെത്രാനെത്തന്നെ നിയമിക്കുകയുണ്ടായി.

**5) ച്ഛായാചിത്രങ്ങൾ തകർക്കൽ (ഐക്കണോക്ലാസം):** ച്ഛായാചിത്രങ്ങളെല്ലാം തകർക്കണം എന്നൊരു പാഷണ്ഡത പൗരസ്ത്യദേശത്ത് ഉടലെടുത്തു (730–775;815–843). എതിർത്തവരെയൊക്കെ ചക്രവർത്തിമാർ അമർച്ചചെയ്തു. പള്ളികളും ആശ്രമങ്ങളും കൊള്ളയടിക്കാൻ ഒരവസരമായി പട്ടാളക്കാർ *തകർക്കൽ* ഉപയോഗപ്പെടുത്തി. അറബികളുടെ മുന്നേറ്റവും ഇതിന് പ്രേരണനൽകി. പാശ്ചാത്യർ ഇതിനെതിരായ നിലപാട് സ്വീകരിച്ചു. അവസാനം സഭയുടെ പുരാതനപാരമ്പര്യമായ പാശ്ചാത്യവീക്ഷണം പൗരസ്ത്യരും സ്വീകരിച്ചു.

**6) ഇഗ്നേഷ്യസും (+877) ഫോസിയസും(+891):** കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസന്മാരെ നീക്കുകയും നിയമിക്കുകയും ചെയ്യുന്നതിൽ ബിസന്റൈൻ ചക്രവർത്തിമാർ നിർണായകസ്വാധീനം ചെലുത്തിയിരുന്നു. തങ്ങളുടെ ഹിതാനുസൃതം വർത്തിക്കുന്നവരെ അവർ നിയമിച്ചിരുന്നു. മേൽപ്പറഞ്ഞ രണ്ട് പാത്രിയർക്കീസന്മാരുടെ നിയമനത്തിൽ ഉണ്ടായ തർക്കങ്ങളിലുള്ള പേപ്പൽ ഇടപെടലുകൾ ഇരുസഭകളെയും തമ്മിലകറ്റാൻ ഇടവരുത്തി.

**7) മിഖായേൽ ചെറുളാരിയൂസിന്റെ പ്രശ്നം (1043 –1058):** ഇക്കാലത്ത് കിഴക്കും പടിഞ്ഞാറും രാഷ്ട്രീയമായും മതപരമായും അകന്നിരുന്നു. ഈ അകൽച്ചയിൽ വിള്ളൽ വീഴ്ത്താൻ ചെറുളാരിയൂസിന്റെ ചെയ്തികൾ ഹേതുവായി. റോമിനെതിരെ ജനമുന്നേറ്റം സംഘടിപ്പിക്കാൻ അദ്ദേഹം പരിശ്രമിച്ചു. ലത്തീൻസഭയിലെ ആചാരങ്ങൾക്കെതിരെ അദ്ദേഹം പ്രചരണം നടത്തി. ഇത് തടയാൻ റോമൻ കൂരിയാ കർദിനാൾ ഹുംബർട്ടിനെ ചുമതലപ്പെടുത്തി. അദ്ദേഹം ചെറുളാരിയുസിന്റെ സ്വഭാവക്കാരനായിരുന്നു. ഗ്രീക്കുകാർ 90–ലേറെ തെറ്റുകൾ പഠിപ്പിക്കുന്നെന്ന് ആരോപിച്ച്, ഗ്രീക്കുകാർക്കെതിരെ അദ്ദേഹം പ്രചരണം നടത്തി. ഗ്രീക്കുകാരുമായി അദ്ദേഹവും ഡലഗേഷനും ചർച്ച നടത്തിയെങ്കിലും വിജയിച്ചില്ല. 1054 ജൂലൈ 16–ന് കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസിനെയും കൂടെയുള്ളവരെയും മഹറോൻ ചൊല്ലിയിട്ട് ഹുംബർട്ടും കൂട്ടരും സ്ഥലം വിട്ടു. ഇതിന് മൂന്നു മാസം മുമ്പ് അദ്ദേഹത്തെ അയച്ച പാപ്പാ മരിച്ചുകഴിഞ്ഞിരുന്നു. 1054 ജൂലൈ 24–ന് ചക്രവർത്തി സിനഡ് വിളിച്ചുകൂട്ടി ഈ റോമൻ പ്രതിനിധികളെയും അവരെ പിന്തുണയ്ക്കുന്നവരെയും മുടക്കി. ഇതാണ് ചരിത്രത്തിൽ അറിയപ്പെടുന്ന 1054–ലെ പരസ്പരശാപം. കാലക്രമത്തിൽ ഇത് ഇരുസഭകളും തമ്മിലുള്ള മുടക്കായി വ്യാഖ്യാനിക്കപ്പെട്ടു.

യഥാർഥത്തിൽ ഈ മഹറോൻ ഓർത്തഡോക്സ് സഭയ്ക്ക് എതിരായിട്ടായിരുന്നില്ല. ചെറുളാരിയൂസിനും അദ്ദേഹത്തിന്റെ കൂടെ നിന്നവർക്കും എതിരായിരുന്നു. പാത്രിയർക്കീസാകട്ടെ, റോമാസഭയെയോ, പാപ്പായെയോ മഹറോൻ ചൊല്ലിയില്ല. പിന്നെയോ, പ്രതിനിധികളെയും അവരെ പിൻതുണച്ച ചിലരെയും മാത്രം. ഒരു ശീശ്മ ഉണ്ടാകത്തക്ക നടപടി ഇരുഭാഗത്തുനിന്നും ഉണ്ടായില്ല. എന്നാൽ കിഴക്കും പടിഞ്ഞാറും തമ്മിൽ പിളർന്നത് 1054–ലാണ് എന്ന ധാരണ പിൽക്കാലത്ത് പ്രചരിച്ചു. – 1965–ലാണ് ഈ ശാപം ഇരുസഭകളും പിൻവലിച്ചത്.

തുടർന്നുള്ള നൂറ്റാണ്ടുകളിലും ചക്രവർത്തിമാരും മറ്റ് അത്മായരും ഐക്യം പുനഃസ്ഥാപിക്കാൻ തൽപ്പരരായിരുന്നു. എന്നാൽ സന്ന്യാസികളും വൈദികരും ഐക്യത്തിനെതിരായ നിലപാടെടുത്തു. എങ്കിൽ തന്നെയും സഭ പിളർന്നതായി സാധാരണജനം കരുതിയില്ല. തുടർന്നുണ്ടായ സംഘടിത പ്രചരണം വഴിയാണ് ഗ്രീക്കുജനത അകന്നുമാറിയത്. 13–ാം നൂറ്റാണ്ടിലും ഗ്രീക്കും ലത്തീനും ഒരുസഭയുടെ രണ്ടു ഭാഗങ്ങളാണെന്ന ധാരണ നിലനിന്നു.

**8) കുരിശുയുദ്ധങ്ങൾ:** കിഴക്കിനെയും പടിഞ്ഞാറിനെയും തമ്മിലകറ്റിയത് നാലാം കുരിശുയുദ്ധമാണ് (1204). മറ്റുള്ളവയൊക്കെ പശ്ചാത്തലം ഒരുക്കി എന്നു മാത്രം. വെനീസിൽ നിന്നുള്ള കുരിശുയുദ്ധക്കാർ കോൺസ്റ്റാന്റിനോപ്പിൾ പട്ടണത്തിൽ കയറി കാട്ടിക്കൂട്ടിയവ ഗ്രീക്കുകാരുടെ ഹൃദയത്തിൽ ആഴമായ മുറിവുണ്ടാക്കി. കുരിശുയുദ്ധക്കാർ നഗരം വളഞ്ഞ് കൊള്ളയടിച്ചു. ഇനി ഒരിക്കലും വീണ്ടെടുക്കാനാവാത്തവിധം അവർ കോൺസ്റ്റാന്റിനോപ്പിളിന്റെ മുഖം വിരൂപമാക്കി. ഇതോടുകൂടി പരസ്പരബന്ധം ശിഥിലമായി, എങ്കിലും അറ്റുപോയില്ല.

**ഐക്യപരിശ്രമങ്ങൾ:**

ലയൺസ് കൗൺസിലിലും (1274) ഫ്ളോറൻസ് കൗൺസിലിലും (1438–39) ഐക്യചർച്ചകൾ നടന്നു. പൗരസ്ത്യ പ്രതിനിധികൾ പങ്കെടുക്കുകയും ചെയ്തു. എന്നാൽ ഗ്രീക്ക്-ലത്തീൻ ഐക്യം യാഥാർഥ്യമായില്ല. തുർക്കി മലവെള്ളപ്പാച്ചിൽ തടഞ്ഞുനിർത്താൻ ചക്രവർത്തിക്ക് പാശ്ചാത്യസഹായം അത്യാവശ്യമായിരുന്നു. അതുകൊണ്ട് ഐക്യത്തിന് അദ്ദേഹം സന്നദ്ധനായിരുന്നു. എന്നാൽ സന്ന്യാസികളും വൈദികരും ജനങ്ങളും ഐക്യത്തിന് സന്നദ്ധരല്ലായിരുന്നു. അതുപോലെ, രൂപീകൃതമായ ഐക്യഫോർമുലകൾ ഏകപക്ഷീയമായി, പാശ്ചാത്യ ദൈവശാസ്ത്രം മാത്രം കണക്കിലെടുത്തു കൊണ്ടുള്ളതായിരുന്നു. പാശ്ചാത്യർ തുർക്കികൾക്കെതിരെ പൗരസ്ത്യരെ സഹായിച്ചില്ല. 1453–ൽ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചു. അതോടെ പൗരസ്ത്യറോമാസാമ്രാജ്യം അവസാനിച്ചു. പാശ്ചാത്യ–പൗരസ്ത്യ ഐക്യം സ്വപ്നമായി അവശേഷിച്ചു. പിന്നീട് ഗൗരവമേറിയ ചർച്ചകൾ നടന്നത് രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടെയാണ് (1962–65).